# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1799 17.06.2013 ൽ മറുപടിക്ക്

## 'എയർ കേരള'- യുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ്: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'എയർ കേരള' - യുടെ പ്രവർത്തനം ഏതു വരെയായി എന്ന് വ്യക്തമാക്കുമോ; | (എ) | ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റുകൾ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ അനുമതി ലഭിച്ചശേഷം, "എയർകേരള" സർവ്വീസ് ആരംഭിക്കുവാൻ, എയർ കേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | 'എയർ കേരള' വഴി ആഭ്യന്തര സർവ്വീസും അന്താരാഷ്ട്ര സർവ്വീസും ലക്ഷ്യമിടുന്നുണ്ടോ; | (ബി) | പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചെലവിലുള്ള യാത്രാ സൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള'എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എത്ര വിമാനങ്ങളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ടി ഇളവുകൾ ലഭിച്ച ശേഷമേ ആവശ്യമായ വിമാനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ